**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1185** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൈപ്പ് ലൈൻ ഇടുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനിടുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾ കട്ട് ചെയ്യുന്നതിന് ജലവിഭവ വകുപ്പിന് അനുമതി നൽകുന്നതിൽ നിലവിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇടുന്ന പദ്ധതി ആവിഷ്കരിക്കുമ്പോഴും, ഭരണാനുമതി ലഭ്യമാക്കുന്നതിനും മുമ്പ് പൊതുമരാമത്ത് വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങിക്കാതിരിക്കുന്നതുമൂലം റോഡുകളിൽ പ്രവൃത്തികൾ ക്രമീകരിച്ച് പുരോഗമിച്ചതിനു ശേഷവും, പൂർത്തീകരിച്ചതിനുശേഷവുമാണ് പൈപ്പ് ലൈൻ ഇടുന്നതിനുള്ള അപേക്ഷകൾ വകുപ്പിനു ലഭിക്കുന്നത്. ഇത് റോഡുകൾ യഥാസമയം ഗതാഗത യോഗ്യമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കുടിവെള്ള പൈപ്പ് ലൈനിടുന്നതിനായി റോഡ് കുഴിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അനുമതി നൽകുന്ന അവസരങ്ങളിൽ പൈപ്പിടൽ പ്രവൃത്തി നടപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. കൂടാതെ ഡി.എൽ.പി. യിലുള്ള റോഡുകൾ കുഴിക്കുന്നത് അത്യാവശ്യ സന്ദർഭങ്ങളിൽ ഒഴികെ ഒഴിവാക്കേണ്ടതാണ്. റോഡ് പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പ്രവൃത്തികൾ നടക്കുന്ന അവസരങ്ങളിൽ റോഡു നിർമ്മാണ പ്രവൃത്തികൾ മുൻ നിശ്ചയിച്ച പ്രകാരം പൂർത്തീകരിക്കുവാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടാകുന്നു. പൈപ്പിടൽ പ്രവൃത്തി നടക്കുന്ന അവസരത്തിൽ ആവശ്യമായ അപകട മുന്നറിയിപ്പ് നൽകാത്തതും താല്കാലിക റെസ്റ്റോറേഷൻ യഥാസമയം നടപ്പിലാക്കാത്തതുമൂലവും അപകട സാധ്യത ഉണ്ടാകുന്നുണ്ട്. ദേശീയപാത യോരങ്ങളിൽ റോഡ് കട്ട് ചെയ്യുന്നതിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതാണ്. ഹൈവേ മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം നിശ്ചിത Portal – ൽ ആവശ്യമുള്ള രേഖകൾ സഹിതം upload ചെയ്തശേഷം അതിന്റെ hard copy |

| | | | |
|---|---|---|---|
| | | | വകുപ്പ വഴി MoRTH - ന്റെ റീജിയണൽ ഓഫീസിൽ സമർപ്പിച്ച് ആവശ്യകത ബോധ്യപ്പെട്ടശേഷം അനുവാദം ലഭിക്കുന്നതാണ്. |
| (ബി) | ഇതിനായി ബന്ധപ്പെട്ട വകുപ്പുകൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) | ബന്ധപ്പെട്ട വകുപ്പുകൾ അപേക്ഷ പൊതുമരാമത്ത് ഓഫീസിൽ സമർപ്പിക്കുകയും അനുമതി ലഭിക്കുന്ന പക്ഷം ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുകയും ചെയ്യണം. Right of Way Portal മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. |
| (സി) | ഇപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് അനന്തമായി നീളുന്നത് കാരണം പല കുടിവെള്ള പദ്ധതികളുടേയും പൂർത്തീകരണം വൈകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നതിന് 30.07.2020 ജി.ഒ.(എം.എസ്) നം. 59/2020/ പി.ഡബ്ല്യൂ.ഡി. പ്രകാരം 01.08.2020 മുതൽ ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം എല്ലാ നടപടികൾ സ്വീകരിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | ഇതിന് പരിഹാരമാകുന്ന തരത്തിൽ ജലവിഭവ വകുപ്പുമായുള്ള നടപടികൾ വേഗത്തിൽ തീർക്കാൻ നിർദ്ദേശം നൽകാമോ? | (ഡി) | മുൻകൂട്ടി ആസൂത്രണം ചെയ്ത് പദ്ധതികൾ രണ്ട് വകുപ്പിലെയും ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥ തലത്തിൽ ഏകോപിപ്പിച്ച് സുഗമമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ